ബഹു : മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07.02.2017– ൽ കൂടിയ

ലൈഫ് മിഷൻ യോഗത്തിന്റെ മിനിട്ട്സ്.

സമ്പൂർണ്ണ പാർപ്പിട ദൗത്യം – ലൈഫ് മിഷന്റെ ആദ്യ യോഗം 07.02.2017 രാവിലെ 11 മണിക്ക് ബഹു : മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ പേരു വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

ലൈഫ് മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ ആമുഖമായി ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി വിശദീകരിച്ചു.

അജണ്ട : 1.

ലൈഫ് മിഷൻ – ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ.

ലൈഫ് പദ്ധതിയുടെ വിവരവ്യാപനത്തിനായി **'www.lifemission.lsgkerala.gov.in'** എന്നാ പേരിൽ വെബ് സൈറ്റ് ആരംഭിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ സർവ്വേക്കായി നിലവിൽ കേന്ദ്ര സർക്കാര് 2011–ൽ നടത്തിയ സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ കണ്ടെത്തിയ ഭൂരഹിത – ഭവന രഹിതരുടെ ലിസ്റ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പക്കലുള്ള ലിസ്റ്റ് എന്നിവയാണ് ഉപയോഗിക്കാൻ തീരുമാനിച്ചിരുന്നത്. ഭാവനരഹിതരുടെ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ട സൂചക പട്ടിക (സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ കണ്ടെത്തിയ ഭൂരഹിത – ഭവന രഹിതരുടെ ലിസ്റ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പക്കലുള്ള ലിസ്റ്റ്) 90%–ത്തോളം ലഭ്യമായിട്ടുണ്ടെന്നും ആയത് പ്രകാരം 601331 പേർ പട്ടികയിൽ ഉണ്ടെന്നും ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ്

മന്ത്രി പറഞ്ഞു. സാമൂഹ്യക്ഷേമ വകുപ്പ് നടത്തിയ അംഗ പരിമിതരുടെ സർവ്വേയിൽ ലഭ്യമായ ഭവനരഹിതരുടെ ലിസ്റ്റ്, ജില്ലാ കളക്ടർമാരുടെ പക്കലുള്ള നിരാലംബരുടെ ലിസ്റ്റ് എന്നിവ കൂടി സർവ്വേയിൽ പരിഗണിക്കണമെന്ന് നിർദ്ദേശം ഉയർന്നു.

സർവ്വേ നടത്തിപ്പിനായി 4 തരത്തിലുള്ള ഫോറങ്ങൾ വ്യത്യസ്ത നിറങ്ങളിൽ തയ്യാറായിട്ടുണ്ട്. ഒന്നാമത്തെ ഫോറം – ഭൂരഹിത – ഭവന രഹിതരുടെ ലഭ്യമായ ലിസ്റ്റ് സർവ്വേ നടത്തുന്നതിനുള്ളതും രണ്ടാമത്തെ ഫോറം ഭൂരഹിതരുടെ ലിസ്റ്റ് സർവ്വേ നടത്തുന്നതിനുള്ളതുമാണ്. ഭൂരഹിത ഭവനരഹിത ലിസ്റ്റുകളിൽ ഒന്നും ഉൾപ്പെട്ടിട്ടില്ലാത്ത ഭൂരഹിതരെയും ഭവന രഹിതരെയും കുടുംബശ്രീ പ്രവർത്തകര് നേരിൽ കണ്ടെത്തി സർവ്വേ നടത്തുന്നതിനായുള്ള ഫോമുകളാണ് ഫോറം 3–ഉം ഫോറം 4–ഉം.

സർവ്വേ നടത്തിപ്പിനായി സംസ്ഥാനതല മാസ്റ്റർ ട്രെയിനർമാര്ക്കുള്ള പരിശീലനം 23.01.2017, 04.02.2017 തീയതികളിൽ നൽകിയിട്ടുള്ളതാണ്. ഒരു ഗ്രാമ പഞ്ചായത്തിൽ നിന്നും രണ്ട് വീതം മാസ്റ്റര് ട്രെയിനർമാരെ കണ്ടെത്തി അവർക്കുള്ള ജില്ലാതല പരിശീലനം ഫെബ്രുവരി 13–ന് നടത്തുന്നതാണ്. അതിനു ശേഷം, സർവ്വേ നടത്തുന്ന കുടുംബശ്രീ പ്രവർത്തകരുടെ പരിശീലനം ഫെബ്രുവരി 15, 16 തീയതികളിൽ നടത്തുന്നതാണ്. ഫെബ്രുവരി 18, 19 തീയതികളാണ് സര്വ്വേ നടത്തുന്നതിനായി നിശ്ചയിച്ചിട്ടുള്ളത്. സർവ്വേ വിവരങ്ങളുടെ ഡാറ്റ എൻട്രി ഫെബ്രുവരി 28–ന് മുമ്പ് പൂർത്തിയാക്കി മാർച്ച് 4–ാം തീയതി കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. ലിസ്റ്റിന്മേലുള്ള ഒന്നാം അപ്പീൽ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകാവുന്നതും വീണ്ടും പ്രസിദ്ധീകരിക്കുന്ന രണ്ടാം കരട് ലിസ്റ്റിന്മേലുള്ള ആക്ഷേപം ജില്ലാതല അപ്പീൽ കമ്മിറ്റിക്കും നൽകാവുന്നതാണ്. രണ്ടാം അപ്പീൽ കൂടി പരിഗണിച്ച്

ഏപ്രില് 10–ാം തീയതി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണെന്നും യോഗത്തില് ധാരണയായി.

സർവ്വേ ഫോറത്തില് ആവശ്യമായ വിവരങ്ങൾ മാത്രം ഉൾപ്പെടുത്തിയാൽ പോരെ എന്ന് ബഹു: ധനമന്ത്രി യോഗത്തിൽ സംശയം പ്രകടിപ്പിച്ചു. എന്നാൽ, കുടുംബാംഗങ്ങളുടെ ക്ലേശഘടകങ്ങൾ മനസ്സിലാക്കി മുൻഗണനാക്രമം നിശ്ചയിക്കുന്നതിനും, ടി കുടുംബത്തിൽ ഉൾപ്പെടുന്ന കുട്ടികളുടെ വിദ്യാഭ്യാസം, യുവജനങ്ങൾക്കുള്ള തൊഴില് സാധ്യതകൾ നൈപുണ്യ പരിശീലനം, മുതിർന്നവര് / വൃദ്ധർക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കാനുമാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പല് സെക്രട്ടറി അറിയിച്ചു. സാമൂഹ്യ നീതി വകുപ്പിന്റെ പക്കലുള്ള വികലാംഗ സർവ്വേ ലിസ്റ്റും സര്വ്വേക്കായി പരിഗണിക്കാവുന്നതാണ് എന്ന് ചീഫ് സെക്രട്ടറിയുടെ നിര്ദ്ദേശം യോഗം അംഗീകരിച്ചു.

ഭാവനസമുച്ചയങ്ങൾ /ക്ലസ്റ്ററുകള് നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിരുന്നു. നിലവിൽ അഞ്ച് ജില്ലകളിൽ നിന്നും ഭൂമിയുടെ ലഭ്യത അറിയിച്ചു കൊണ്ടുള്ള റിപ്പോർട്ട് ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പല് സെക്രട്ടറി യോഗത്തെ അറിയിച്ചു. വസ്തുവിന്റെ വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

<u>തീരുമാനങ്ങൾ</u> :

1) ലൈഫ് മിഷനുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച എല്ലാ നടപടികളും അംഗീകരിച്ചു.

2) ലൈഫ് മിഷൻ പദ്ധതിയുടെ സർവ്വേക്കായി റവന്യൂ വകുപ്പിന്റെ പക്കലുള്ള ലിസ്റ്റും, ജില്ലാ കളക്ടർമാരുടെ പക്കലുള്ള നിരാലംബലരുടെ ലിസ്റ്റും, സാമൂഹ്യനീതി വകുപ്പിന്റെ പക്കലുള്ള വികലാംഗരുടെ ലിസ്റ്റും ഉൾപ്പെടുത്താന് തീരുമാനിച്ചു. ലഭ്യമാകുന്ന പക്ഷം പട്ടികജാതി / പട്ടികവർഗ്ഗ / ഫിഷറീസ് വകുപ്പിന്റെ പക്കലുള്ള ഭവനരഹിതരുടെ പട്ടികകളും പരിഗണിക്കാൻ തീരുമാനിച്ചു.

3) സർവ്വേ നടത്തി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം അർഹരായ മുഴുവന് ഗുണഭോക്താക്കളുടെയും നിലവിലുള്ള വാസസ്ഥലങ്ങളുടെ ഫോട്ടോ എടുക്കുന്നതിനും ഓരോ ഗുണഭോക്താവിനും അനുവദിക്കുന്ന ഭവനങ്ങളുടെ ഓരോ ഘട്ടത്തിലും ഫോട്ടോ എടുക്കുവാനും തീരുമാനിച്ചു.

<u>അജണ്ട : 2</u>.

<u>ധനസമാഹരണം</u>

ലൈഫ് മിഷൻ പ്രവർത്തനങ്ങൾക്കായി 16730 കോടി രൂപ സംസ്ഥാന സർക്കാര് കണ്ടെത്തേണ്ടി വരുമെന്ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അറിയിച്ചു.

നിലവിൽ ലൈഫ് മിഷന് വേണ്ടി 2217–05–051–99 (അർബന്), 2515–05–051–99 (റൂറൽ) എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകൾ തുടങ്ങിയിട്ടുണ്ട്.

ഇ.എം.എസ്. ഭവന പദ്ധതി മാതൃകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള് വായ്പ എടുക്കുന്നതിനും, മറ്റ് വകുപ്പുകൾ നിർവ്വഹണം നടത്തുന്ന ഭവന പദ്ധതികളുടെ തുക ലൈഫ് മിഷൻ ഫണ്ടിന്റെ ഭാഗമാക്കുന്നതിനെ സംബന്ധിച്ചും വിശദമായ ചർച്ച നടന്നു.

മിഷൻ പ്രവർത്തനത്തിനാവശ്യമായ മുഴുവന് തുകയും വായ്പ എടുക്കേണ്ട ആവശ്യമില്ലായെന്നും ഇതര ധനസ്രോതസ്സുകൾ കൂടി കണ്ടെത്തണമെന്നും ബഹു: മുഖ്യമന്ത്രി നിർദ്ദേശിച്ചു. ലൈഫ് മിഷന്റെ മുഴുവന് തുകയും തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളല്ല കണ്ടെത്തേണ്ടതെന്നും, അവർ ഒരു വിഹിതം മാത്രം കണ്ടെത്തിയാല് മതിയാകും എന്നും മുഖ്യമന്ത്രി യോഗത്തിൽ നിർദ്ദേശിച്ചു.

ധനകാര്യ കമ്മിഷൻ ഗ്രാന്റ് പരിശോധിച്ചാൽ ഓരോ പഞ്ചായത്തിന്റേയും അടുത്ത 5 വർഷത്തെ വരുമാനവും സാമ്പത്തിക സ്ഥിതിയും മനസ്സിലാക്കാമെന്നും, അതിനു ശേഷം മാത്രം അവർ എടുക്കേണ്ട വായ്പ സംബന്ധിച്ച് തീരുമാനിക്കുന്നതായിരിക്കും ഉചിതം എന്ന് ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. മാത്രമല്ല വലിയ തുക ഗ്രാമ പഞ്ചായത്തുകൾക്ക് ലോണ് എടുക്കേണ്ടി വരികയാണെങ്കില് അവർക്കത് തിരിച്ചടയ്ക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുമെന്നും ഭാവിയിൽ ലോണ് തിരിച്ചടവിനുള്ള തുക പ്ലാൻഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടി വരുന്നത് അവരുടെ പദ്ധതി പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കാനും സാധ്യതയുണ്ട് എന്ന് ധനകാര്യ മന്ത്രി അറിയിച്ചു.

വീടിന്റെ യൂണിറ്റ് കോസ്റ്റ് വിവിധ വകുപ്പുകാർക്ക് 3 ലക്ഷം, 4 ലക്ഷം എന്ന് വ്യത്യാസപ്പെടുത്തുന്നത് പരാതിക്ക് ഇടയാക്കാൻ സാധ്യത ഉണ്ടെന്ന് യോഗത്തിൽ അഭിപ്രായം ഉയർന്നു. വീടിന്റെ യൂണിറ്റ് കോസ്റ്റ് സംബന്ധിച്ച് നിലവിലെ തീരുമാനം ഭേദഗതി ചെയ്യേണ്ടതുണ്ടോ എന്ന് യോഗം ചർച്ച ചെയ്യുകയും, സർവ്വേ നടത്തി അന്തിമമായി എണ്ണം നിശ്ചിയിച്ച ശേഷം യൂണിറ്റ് കോസ്റ്റ് അന്തിമമായി നിശ്ചയിക്കാമെന്നു തീരുമാനിച്ചു.

<u>തീരുമാനങ്ങൾ</u>

1. മിഷന്റെ പ്രവർത്തിനത്തിനാവശ്യമായ തുക വായ്പ മുഖേനയും, വിവിധ വകുപ്പുകളുടെ ഭവന നിർമ്മാണ പദ്ധതികള് ഏകോപിപ്പിച്ചും, **CSR** ഫണ്ട്, സ്പോൺസർഷിപ്പ് എന്നിവ മുഖേന കണ്ടെത്തുന്നതിനും തീരുമാനിച്ചു. വായ്പ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധതി തുകയ്ക്ക് ആനുപാതികമായി

എടുക്കേണ്ടതാണ് തുകയ്ക്ക് ആനുപാതികമായി എടുക്കേണ്ടതാണ് എന്നും ആവശ്യമായി എന്നും അത്യാശ്യമായി വരുന്ന ബാക്കി തുക സംസ്ഥാന സർക്കാര് നേരിട്ട് കണ്ടെത്തുന്നതാണ് എന്നും തീരുമാനിച്ചു. വായ്പ എടുക്കേണ്ട തുക സംബന്ധിച്ച വിവരം സർവ്വേ നടത്തി ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്തിയ ശേഷം തീരുമാനിക്കുന്നതാണ്.

2. വീടിന്റെ യൂണിറ്റ് കോസ്റ്റ് സംബന്ധിച്ച് സർവ്വേ നടത്തി അന്തിമ ലിസ്റ്റ് ലഭിച്ച ശേഷം തീരുമാനം കൈക്കൊള്ളാമെന്ന് തീരുമാനിച്ചു.

**അജണ്ട : 3**

**പ്രവർത്തന കലണ്ടർ**

1. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി സമയബന്ധിതമായി പരിശോധന നടത്തേണ്ട ആവശ്യകത ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ആമുഖമായി പറഞ്ഞു. ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ച് തയ്യാറാക്കിയ പ്രവർത്തന കലണ്ടർ അദ്ദേഹം അവതരിപ്പിച്ചു. മിഷൻ കണ്ടെത്തുന്ന ഗുണഭോക്താക്കളെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിക്കേണ്ടതാണെന്നും ആയതിന് പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണെന്നും പറഞ്ഞു. അത്തരത്തിൽ വാർഡ് സഭ / ഗ്രാമസഭ അംഗീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക 31.05.2017 ന് മുമ്പ് അംഗീകരിച്ച് പ്രസിദ്ധീകരിക്കണമെന്നും ബഹു. മന്ത്രി അറിയിച്ചു. പ്രവർത്തന കലണ്ടർ അനുബന്ധം 3 ആയി ചേർക്കുന്നു.

**തീരുമാനം**

2. സർവ്വേ പ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹു : തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അവതരിപ്പിച്ച പ്രവർത്തന കലണ്ടർ യോഗം അംഗീകരിച്ചു.

3. ഗുണഭോക്താക്കളെ കണ്ടെത്തുന്ന പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെയും അതിന് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് ഗ്രാമവികസന കമ്മീഷണർ, ജില്ലാ കളക്ടർമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരെയും ചുമതലപ്പെടുത്തി തീരുമാനിച്ചു.

4. അന്തിമ പട്ടിക 31.05.2017 ന് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു.

<u>അജണ്ട 4.</u>

<u>വിവിധ വകുപ്പുകളുടെ സംയോജനം.</u>

നിലവിൽ പട്ടികജാതി, പട്ടിക വർഗ്ഗം, ഫിഷറീസ് വകുപ്പുകൾ ആണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുറമെ ഭവന പദ്ധതികൾ നടപ്പിലാക്കുന്നത്. ടി വകുപ്പുകളുടെ പദ്ധതി നടത്തിപ്പിനും ലൈഫ് മിഷന് സര്‌വ്വേ വഴി കണ്ടെത്തുന്ന ഗുണഭോക്താക്കളെ പരിഗണിക്കുന്നത് യോഗം ചർച്ച ചെയ്യുകയും, സംസ്ഥാനത്തെ വിവിധ വകുപ്പുകൾ നടത്തുന്ന ഭവന നിർമ്മാണ പദ്ധതികൾക്കായി ലൈഫ് മിഷന് സർവ്വേയിൽ കണ്ടെത്തുന്ന ഗുണഭോക്തൃ ലിസ്റ്റായിരിക്കും പരിഗണിക്കേണ്ടത് എന്ന് യോഗം അഭിപ്രായപ്പെട്ടു.

<u>തിരുമാനം.</u>

1. വിവിധ വകുപ്പുകളുടെ ഭവനപദ്ധതികളുടെ സംയോജനത്തിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.
2. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്ക് ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റ് ഉപയോഗിക്കുവാന് തീരുമാനിച്ചു.

<u>അജണ്ട– 5.</u>

<u>അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ.</u>

<u>5.1 ഭൂമിയുടെ ലഭ്യത സംബന്ധിച്ച്.</u>

നിലവിൽ അഞ്ച് ജില്ലകളിൽ നിന്നും ഭൂമിയുടെ ലഭ്യത അറിയിച്ചു കൊണ്ടുള്ള റിപ്പോർട്ട് ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിന്സിപ്പൽ സെക്രട്ടറി യോഗത്തെ അറിയിച്ചു. ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള ചെലവ് സർക്കാര് തന്നെ കണ്ടെത്തുന്നതിനുള്ള പൊതു തീരുമാനം ഉണ്ടാകണം എന്ന് ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. പ്ലാന്റേഷൻ മേഖലയിൽ വീട് നിർമ്മിക്കുമ്പോൾ സർക്കാര് ഭൂമിക്ക് പകരം പ്ലാന്റേഷന് കമ്പനികളുടെ സഹായത്തോടെ അവരുടെ ഭൂമിയിൽ വീട് വയ്ക്കുന്നതിനുള്ള സാധ്യതകൾ ആരായണം എന്ന് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് അഭിപ്രായപ്പെട്ടു. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നിവയുടെ പ്രഥമ പരിഗണന ഭവന സമുച്ചയങ്ങളിൽ കുടിവെള്ളവും വൈദ്യുതിയും ലഭ്യമാക്കുന്നതിനാകണം എന്ന് ചീഫ് സെക്രട്ടറി യോഗത്തിൽ നിർദ്ദേശിച്ചു.

തീരുമാനങ്ങൾ.

1. ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭൂമി വാങ്ങുന്നതിനുള്ള ചെലവ് സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്.

2. തോട്ടം മേഖലയിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് തോട്ടം മേഖലയിൽ തന്നെ ഭൂമി ലഭ്യമാക്കുന്നതിന് പ്ലാന്റേഷൻ കമ്പനികളുമായി ചർച്ച നടത്തുന്നതിന് തീരുമാനിച്ചു

3. കെ.ഡബ്ല്യു.എ., കെ.എസ്.ഇ.ബി. എന്നിവർ ഭവന സമുച്ചയങ്ങളിൽ കുടിവെള്ളം, വൈദ്യുതി എത്തിക്കുന്നതിന് പ്രഥമ പരിഗണന നൽകേണ്ടതാണ്.

5.2. വീടിന്റെ വലിപ്പം

വീടിന്റെ വലിപ്പം നിലവിൽ കുറഞ്ഞത് 350 ചതുരശ്ര അടിയും കൂടിയത് 600 ചതുരശ്ര അടിയും എന്നത് പുനഃ പരിശോധിക്കണം എന്ന ആവശ്യം ഉയർന്നു. പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് നൽകുന്ന ഭവനങ്ങളുടെ കുറഞ്ഞ വിസ്തീർണ്ണം 400 ച.അടി ആയിരിക്കണം എന്നും അഭിപ്രായം ഉയർന്നു. സർക്കാര് നിർമ്മിച്ച നൽകുന്ന ഭവന സമുച്ചയങ്ങളുടെ കുറഞ്ഞ വിസ്തീർണ്ണം എത്രയെന്ന് തിരുമാനിക്കേണ്ടതാണ് എന്നും ചർച്ചയുണ്ടായി.

തീരുമാനം :

1. പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് നൽകുന്ന ഭവനങ്ങൾക്ക് കുറഞ്ഞ വിസ്തീർണ്ണം 400 ച.അടി. ആയിരിക്കുന്നതാണ്.

2. സർക്കാര് നിർമ്മിച്ച നൽകുന്ന ഭവന സമൂച്ചയങ്ങളുടെ തറ വിസ്തീർണ്ണം എത്രയെന്ന് പിന്നീട് തീരുമാനിക്കുന്നതാണ്.

## 5.3. ഏജൻസികളുടെ സഹായം :

മറ്റ് സംസ്ഥാനങ്ങളിൽ വിവിധ ഏജൻസികൾ കുറഞ്ഞ ചെലവിൽ ഭവന നിർമ്മാണം നടത്തുന്നതായും സർക്കാര് ഇടപെടൽ കാരണം കുറഞ്ഞ നിരക്കിൽ കെട്ടിട നിർമ്മാണ സാമഗ്രികള് ലഭിക്കുന്നുവെന്നും ബഹു. പട്ടിക ജാതി വികസന വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. കേരളത്തിലും വിവിധ ഏജൻസികളെ ഭവന നിർമ്മാണത്തിന് ഉപയോഗിക്കുന്ന കാര്യം പരിഗണിക്കാം എന്നും ലൈഫ് മിഷൻ പ്രവൃത്തികളുടെ ആവശ്യത്തിലേക്കായി കുറഞ്ഞ നിരക്കിൽ സാധന സാമഗ്രികള് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാം എന്നും ബഹു. മുഖ്യ മന്ത്രി അറിയിച്ചു.

തീരുമാനം :

1. ഭവനരഹിതർക്ക് കുറഞ്ഞ നിരക്കിൽ ഭവനനിർമ്മാണം നടത്തുന്നതിന് ഏജൻസികളെ കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി
2. ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ഭവന നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിന് ഉൽപാദകരുമായി ചർച്ച നടത്താൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയെ ചുമതലപ്പെടുത്തി

## 5.4. ഭവനങ്ങളുടെ ഡിസൈൻ.

ഇ.എം.എസ് ഭവന പദ്ധതി നടപ്പിലാക്കിയ അവസരത്തിൽ 10 മുതല് 25 വരെ ഭവനങ്ങളുടെ മാതൃകകൾ തയ്യാറാക്കി പ്രചരണം നടത്തിയത് ഗുണഭോക്താക്കളെ ആകർഷിക്കുന്നതിന് സഹായിച്ചുവെന്നും അത്തരം ഒരു നടപടി ലൈഫ് മിഷനും ഉണ്ടാവണം എന്ന് ചീഫ് സെക്രട്ടറി അറിയിച്ചു. വിവിധ എഞ്ചിനീയറിംഗ്

കോളെജുകളിലെ സേവന തത്പരരായ വിദ്യാർത്ഥികളുടെ സഹായത്തോടെ രണ്ട് ഡസനോളം ഭവനങ്ങളുടെ പ്ലാൻ, എലിവേഷൻ, ത്രിമാന ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കാം എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പല് സെക്രട്ടറി അറിയിച്ചു. സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളെജുകളിലും മിഷനുമായി സഹകരിക്കുവാൻ സംവിധാനം ഉണ്ടാക്കും എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അറിയിച്ചു.

<u>തീരുമാനം :</u>

പദ്ധതി ഗുണഭോക്താക്കൾക്ക് 12 മുതൽ 25 വരെ ഭവന മാതൃകകൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ എൻ ജിനീയറിംഗ് കോളേജുകളെ സഹകരിപ്പിക്കുവാൻ തീരുമാനിച്ചു. ആവശ്യമായ നടപടി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്

<u>5.5 മിഷൻ മോണിറ്ററിംഗ്</u>

നിലവിൽ ഗ്രാമവികസന വകുപ്പിൽ നിന്നും മൂന്ന് പേരേയും കുടുംബശ്രീ മിഷനിൽ നിന്ന് രണ്ട് പേരേയും ഉൾക്കൊള്ളിച്ച് മിഷൻ പ്രവർത്തനം നടത്തി വരുന്നു. ആയത് സജീവമാക്കുന്നതിന് കൂടുതൽ വിദഗ്ദ്ധരെ ഉൾക്കൊള്ളിക്കണമെന്ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പറഞ്ഞു.

<u>തീരുമാനം :</u>

ലൈഫ് മിഷൻ സംവിധാനം ഊർജ്ജിതമാക്കുന്നതിന് 10 മുതൽ 12 വരെ അംഗങ്ങളെ ഉൾക്കൊള്ളിച്ച് ഒരു കർമ്മസേന രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

2. എഞ്ചിനീയർമാർ– – 4 പേര് (ഹൗസിംഗ് ബോർഡിൽ നിന്ന്)

3. **MIS** വിദഗ്ധൻ – 1

4. ത.സ്വ.ഭ.വ. ഉദ്യോഗസ്ഥർ – 4 – 6

5. ധനകാര്യ വിദഗ്ദൻ – 1

യോഗം 12 മണിക്ക് അവസാനിച്ചു.

**അനുബന്ധം 1**

## യോഗത്തിൽ പങ്കെടുത്തവർ

1. ബഹു : ഡോ : കെ.റ്റി. ജലീൽ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി.

2. ബഹു : ഡോ :റ്റി.എം. തോമസ് ഐസക്, ധന വകുപ്പ് മന്ത്രി.

3. ബഹു : ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂ , എസ്.സി. ഭവന വകുപ്പ് മന്ത്രി.

4. ബഹു : ശ്രീ. എ.കെ. ബാലൻ, എസ്. സി. / എസ്. റ്റി, നിയമ വകുപ്പ് മന്ത്രി.

5. ബഹു : ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ, ആരോഗ്യം, കുടുംബ ക്ഷേമം, സാമൂഹ്യ നീതി വകുപ്പ് മന്ത്രി.

6. ബഹു : ശ്രീ. എം.എം.മണി, വൈദ്യുതി വകുപ്പ് മന്ത്രി.

7. ബഹു : ശ്രീ. മാത്യൂ. ടി.തോമസ്, ജലവിഭവ വകുപ്പ് മന്ത്രി

8. ബഹു : ശ്രീ.എസ്.എം. വിജയാനന്ദ്, ചീഫ് സെക്രട്ടറി.

9. ശ്രീ. വി.കെ. രാമചന്ദ്രൻ, വൈസ് ചെയർമാൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്.

10. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിൽ നൈപുണ്യ വകുപ്പ്

11. ശ്രീ. പോൾ ആന്റണി, അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്

12. ശ്രീ. വി.എസ്. സെന്തില്, അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

13. ശ്രീ. രാജീവ് സദാനന്ദൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.

14. ശ്രീ. വി.ജെ,.കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി., ജലവിഭവ വകുപ്പ്

15. ശ്രീ. പി.എച്ച്. കുര്യൻ, പ്രിൻസിപ്പല് സെക്രട്ടറി., റവന്യൂ വകുപ്പ്

16. ശ്രീ. ടി.കെ.ജോസ്, പ്രിൻസിപ്പല് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.

17. ശ്രീ. ബി. ശ്രീനിവാസ്, പ്രിൻസിപ്പല് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

18. ഡോ. വി. വേണു, പ്രിൻസിപ്പല് സെക്രട്ടറി, പട്ടിക ജാതി വികസന വകുപ്പ്.

19. ശ്രീ. റ്റി.ആർ. മീണ, പ്രിൻസിപ്പല് സെക്രട്ടറി, ധനവകുപ്പ് (**Expenditure**)

20. ശ്രീ. ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പല് സെക്രട്ടറി., മത്സ്യബന്ധന തുറമുഖ വകുപ്പ്

21. ശ്രീമതി. ഉഷ ടൈറ്റസ്, സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്.

22. ശ്രീ. എസ്. ഹരി കിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.

23. ശ്രീ. ബാലകിരൺ, ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്.

24. ഡോ. കെ.വാസുകി, ഡയറക്ടർ, നഗരകാര്യ വകുപ്പ്.

25. ഡോ. എസ്. കാർത്തികേയൻ, ഡയറക്ടർ, ഫിഷറീസ് വകുപ്പ്.

26. ശ്രീ. റ്റി.പി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.

27. ശ്രീമതി. കെ.എം. ലീലാമണി, അഡീഷണൽ സെക്രട്ടറി, എസ്.റ്റി. വകുപ്പ്.

28. ശ്രീ. കെ. പി. അനിൽ, പ്രൈവറ്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ്

29. ശ്രീ. വി.എസ്. ജയകുമാർ, അഡീഷണല് പ്രൈവറ്റ് സെക്രട്ടറി, (റവന്യൂ – ഹൌസിംഗ് വകുപ്പ് )

30. ശ്രീ. വി.എസ്. സന്തോഷ്കുമാർ, എ.ഡി.ഡി.സി., ഗ്രാമവികസന വകുപ്പ്.

അനുബന്ധം 2

ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി അഞ്ച് ജില്ലകളിൽ ലഭ്യമായ ഭൂമിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | താലൂക്ക് | സർവ്വേ നമ്പർ | ഭൂമിയുടെ അളവ് |
|---|---|---|---|---|
| 1 | ആലപ്പുഴ | ചേർത്തല | 138/5-1 | 12.14 ആർ |
| 2 | ആലപ്പുഴ | അമ്പലപ്പുഴ | 130/7 | 30 സെൻറ് |
| 3 | വയനാട് | സുൽത്താൻ ബത്തേരി | 60/pt | 50 സെൻറ് |
| 4 | എറണാകുളം | പറവൂർ | 187/1-2, 186/2 സി, 431/3 എ, 186/2 ഡി | 10.72 ഏക്കർ |
| 5 | എറണാകുളം | ആലുവ | 196/4 | 03 ഏക്കർ |
| 6 | എറണാകുളം | ആലുവ | 22/22 | 80.94 ആർ |
| 7 | എറണാകുളം | ആലുവ | 23/14 | 2.525 ഹെക്ടർ |
| 8 | എറണാകുളം | കൊച്ചി | 393/17 | 27.50 ആർ |
| 9 | എറണാകുളം | കോതമംഗലം | 243/9 | 40.04 ആർ |
| 10 | എറണാകുളം | കോതമംഗലം | 223/1,5,4 | 93.89 ആർ |
| 11 | പാലക്കാട് | ചിറ്റൂർ | 16/4 | 0.4020 ഹെക്ടർ |
| 12 | പാലക്കാട് | ചിറ്റൂർ | 4/4. | 0.1215 ഹെക്ടർ |
| 13 | പാലക്കാട് | ചിറ്റൂർ | 127/3 | 0.1214 ഹെക്ടർ |
| 14 | പാലക്കാട് | പാലക്കാട് | 219/11 | 0.2480 ഹെക്ടർ |
| 15 | പാലക്കാട് | മലമ്പുഴ | 190/1 | 0.1214 ഹെക്ടർ |
| 16 | പാലക്കാട് | കുഴൽമന്ദം | 678, 679 | 0.4047 ഹെക്ടർ |
| 17 | പാലക്കാട് | പട്ടാമ്പി | 280/2 | 0.5342 ഹെക്ടർ |

**അനുബന്ധം 3**

## പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ. | ഇനം | തീയതി |
|---|---|---|
| 1 | പ്രചാരണം | 08.02.2017–17.02.2017 |
| 2 | ജില്ലാതല പരിശീലനം | 13.02.2017 |
| 3 | തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുള്ള പരിശീലനം | 15.02.2017, 16.02.2017 |
| 4 | സർവ്വേയുടെ തീയതി | 18.02.2017, 19.02.2017 |
| 5 | ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ | 28.02.2017 |
| 6 | ആദ്യ കരട് ലിസ്റ്റിൻെറ പ്രസിദ്ധീകരണം | 04.03.2017 |
| 7 | ആദ്യ അപ്പീൽ | 13.03.2017 |
| 8 | അപ്പീൽ പരിഹാരം രണ്ടാം കരട് ലിസ്റ്റ് പ്രസിദ്ധീകരണം | 20.03.2017 |
| 9 | രണ്ടാം ഘട്ട അപ്പീൽ | 30.03.2017 |
| 10 | അപ്പീൽ പരിഹാരവും അന്തിമ ലിസ്റ്റിൻെറ പ്രസിദ്ധീകരണം | 10.04.2017 |